**കേരള കാർഷിക സർവ്വകലാശാല**

നം. **KAUEDU/1068/2025-EDU B3** തീയ്യതി **14-08-2025**

**<u>അനൗൺസ്മെൻറ്</u>**

**1.** കേരള കാർഷിക സർവ്വകലാശാലയുടെ **2025-2026** അധ്യയന വർഷത്തെ ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ സയൻസസ്, ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ കോഴ്സുകളിലേക്ക് എൽ ബി എസ് സെൻറർ ഫോർ സയൻസ് ആൻഡ് ടെക്നോളജി നടത്തിയ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

**2.** പ്രവേശന നടപടികൾക്കായി പ്രത്യേക അലോട്ട്മെൻറ് ലിസ്റ്റുകൾ സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നതാണ്. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ ഉൾപ്പെടെ, പ്രവേശന പ്രോസ്പെക്ടസ്സിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ പ്രവേശന മനദണ്ഡങ്ങളുടെയും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം യോഗ്യരെന്ന് കണ്ടെത്തുന്ന അപേക്ഷകരെ മാത്രമാണ് അലോട്ട്മെൻറ് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നത്. മെറിറ്റ്- സംവരണ വിഭാഗങ്ങളിലെ സീറ്റുകളുടെ ലഭ്യത അനുസരിച്ചായിരിക്കും വിവിധ ഘട്ടങ്ങളിൽ പ്രസിദ്ധീകരിക്കുന്ന അലോട്ട്മെൻറ് ലിസ്റ്റുകളിൽനിന്നു പ്രവേശനം നടത്തുന്നത്.

**3.** അയോഗ്യരായ അപേക്ഷകരുടെ റിജക്റ്റഡ് ലിസ്റ്റ് കൂടി ഓരോ ഘട്ടങ്ങളിലും പ്രസിദ്ധീകരിക്കുന്നതായിരിക്കും. റിജക്റ്റഡ് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്ക് തങ്ങളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ സമർപ്പിക്കുവാൻ നിശ്ചിത സമയം അനുവദിക്കുന്നതായിരിക്കും.

**4.** വിവിധ പ്രവേശന ഘട്ടങ്ങളിൽ സർട്ടിഫിക്കറ്റുകളുടെ ഫിസിക്കൽ വെരിഫിക്കേഷൻ, ഫീ പെയ്മെൻറ് എന്നിവ സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ തൃപ്തികരമായി പൂർത്തിയാക്കുന്ന അപേക്ഷകരെ മാത്രമേ അഡ്മിഷനായി പരിഗണിക്കുകയുള്ളൂ.

**5.** സർവ്വകലാശാലയുടെ പ്രവേശന നടപടികൾ പൂർണമായും മേൽ നിബന്ധനകൾക്കു വിധേയമായിരിക്കും.

**DIRECTOR OF EDUCATION**